● തൊഴിലാളി യൂണിയനുകൾ വിയോജിച്ചു

# നീര: റിപ്പോർട്ട് തയ്യാറാക്കിയത് പ്രായോഗിക പ്രശ്നങ്ങൾ പഠിക്കാതെ

തിരു: നീര ഉൽപ്പാദനം സംബന്ധിച്ച് റിപ്പോർട്ട് നൽകിയ സമിതി, റിപ്പോർട്ട് നൽകിയത് പ്രയോഗിക പ്രശ്നങ്ങൾ പഠിച്ചല്ലെന്ന് ആക്ഷേപം. സമിതിയിലെ തൊഴിലാളി സംഘടനാ പ്രതിനിധികളെല്ലാം റിപ്പോർട്ടിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തി. ഇതും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് സമിതി അധ്യക്ഷൻ മന്ത്രിക്ക് കൈമാറിയത്.

നീര ഉൽപ്പാദനം ലാഭകരമാണോയെന്ന കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്താതെയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് കള്ളുചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് കെ എം സുധാകരൻ വിയോജന കുറിപ്പിൽ പറഞ്ഞു. കള്ളുചെത്ത് വ്യവസായത്തിന്റെ വികസനത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായിട്ടാകണം നീര ഉൽപ്പാദനവും വിൽപ്പനയും നടത്തേണ്ടത്. തൊഴിലാളികളുടെ കൂട്ടായ്മയിൽ സംസ്ഥാന അടിസ്ഥാനത്തിലുള്ള സ്ഥാപനമായിരിക്കണം ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടത്. ലാഭകരമായി നീര ഉൽപ്പാദനം സാധ്യമാണോയെന്ന് സ്ഥാപിച്ചിട്ടില്ല. ശാസ്ത്രീയമായ അവലോകനമൊന്നും നടത്തിയിട്ടില്ല. നാളികേരത്തിന്റെ വിലയിടിവും തെങ്ങിനുണ്ടാകുന്ന പലവിധ രോഗങ്ങളുമാണ് നാളികേര കർഷകരെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ. ഇതിനുള്ള പ്രതിവിധിയാണ് കണ്ടെത്തേണ്ടതെന്നും കെ എം സുധാകരൻ ആവശ്യപ്പെട്ടു. പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിച്ചായിരിക്കണം നീര ഉൽപ്പാദനം നടത്തേണ്ടതെന്ന് കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ എൻ അഴകേശൻ ആവശ്യപ്പെട്ടു. മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന്റെ ചുമതല കള്ള്- നീര വികസന ബോർഡിന് കീഴിൽ കൊണ്ടുവരണമെന്ന് കേരള ചെത്തു തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ടി എൻ രമേശൻ ആവശ്യപ്പെട്ടു. റ്റോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘ് ജനറൽ സെക്രട്ടറി എം കെ ഉണ്ണികൃഷ്ണനും വിയോജനം രേഖപ്പെടുത്തി.